**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 283

# ഭക്തനിൽനിന്ന് ഏകത്വത്തിന്റെ അവസ്ഥയിലേക്ക്

## FROM A DEVOTEE TO THE STATE OF ONENESS

**ആഗസ്റ്റ് 21, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

അവസാനയാത്ര, അന്തിമലക്ഷ്യം, ഒരു ഭക്തനായിരിക്കുക എന്നതാണ്. ഒരു വിദ്യാർത്ഥിയെന്ന നിലയ്ക്ക്, നിങ്ങൾ വേറിട്ടവനാണ്. ഇതിനെ നിങ്ങൾക്ക് ഒരു




'ദ്വൈത ബന്ധം'(dual relationship) എന്നു വിളിക്കാം. ഒരു ശിഷ്യനെന്ന നിലയ്ക്ക്, നിങ്ങൾ ഗുരുവിനോട് കുറേക്കൂടി അടുത്തുവരുന്നു. അതൊരു വിശിഷ്ടാദ്വൈത ബന്ധ(qualified non-dual relationship)മാണ്. ഒരു വിദ്യാർത്ഥിയും അദ്ധ്യാപകനും തമ്മിലുള്ള ബന്ധം ദ്വൈതമാണ്. ഒരു ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം വിശിഷ്ടാദ്വൈത ബന്ധമാകുന്നു. ഇനി നമ്മൾ ഒരു ഭക്തനിലേക്കും, ഒരു ഭക്തനും ഭഗവാനും തമ്മിലുള്ള ബന്ധത്തിലേക്കും വരുന്നു.

ഒരു ഭക്തനും ഭഗവാനും തമ്മിലുള്ള ബന്ധം അദ്വൈത(non-dual)ത്തിന്റേതാകുന്നു. ഈ ബന്ധത്തിൽ, ഒരു ഗുരുവിനൊപ്പമായിരിക്കുക, അഥവാ ഒരു അദ്ധ്യാപകനൊപ്പമായിരിക്കുക എന്നൊന്നുമില്ല. ഭക്തനും പ്രഭുവും ഒന്നാണ്. അഥവാ, അയാൾ പ്രഭുവുമായി പൂർണ താദാത്മ്യം പ്രാപിച്ചിരിക്കുന്നു എന്ന് നിങ്ങൾക്ക് പറയാനാവും. അയാളും മാസ്റ്ററും ഒന്നുതന്നെയാകുന്നു. എന്തുകൊണ്ട്? ഗുരുവിനെ നിരന്തരം ചിന്തിക്കുകയും ഗുരുവിനെത്തന്നെ സ്ഥായിയായി ധ്യാനിക്കുകയും ചെയ്താൽ, ഭക്തൻ ഗുരു തന്നെ ആയിത്തീരുന്നു.

**ബ്രഹ്മവിത് ബ്രഹ്മൈവ ഭവതി** : "ബ്രഹ്മത്തെ അറിയുന്നവൻ സ്വയം ബ്രഹ്മൻതന്നെ ആയിത്തീരുന്നു." അപ്പോൾ, സ്ഥിരമായി ഗുരുവിനെ ധ്യാനിക്കുന്നതു വഴി, ഒരു ശിഷ്യൻ ഗുരുവായിത്തീരുന്നു. അവനെ കണ്ടാലും സ്വന്തം ഗുരുവിനെപ്പോലിരിക്കും.

ഭരതനെ കണ്ടാൽ ശരിക്കും രാമചന്ദ്രനെപ്പോലെയായിരുന്നു, എന്തെന്നാൽ അദ്ദേഹം നിരന്തരം അവിടുന്നിനെ സ്മരിക്കുകയായിരുന്നു.

ഇതേപോലെ, ഒരു ഭക്തന്റെ ബന്ധം ആവശ്യപ്പെടുന്നത്, നിങ്ങൾ നിങ്ങളുടെ പ്രഭുവിനെപ്പോലെയാവണം എന്നാണ്. അവിടുത്തെ സന്ദേശമാവട്ടെ നിങ്ങളുടെ ജീവിതം. എന്റെ പ്രഭുവായ ഭഗവാൻ ബാബയുടെ സന്ദേശം എന്റെ ജീവിതമായിരിക്കുന്നതുപോലെ; "ജീവിതം പ്രേമമാണ്," അതിനാൽ എന്റെ ജീവിതം നിറയെ പ്രേമമാവട്ടെ. എന്റെ പ്രഭു ഭഗവാൻ ബാബ സത്യമാകുന്നു, അതിനാൽ എന്റെ ജീവിതം സത്യത്തിന്റേതാവട്ടെ. നമ്മുടെ ഭഗവാൻ ശാന്തിസ്വരൂപനാണ്, അതിനാൽ ഞാനും സ്വയം ശാന്തിസ്വരൂപനാവട്ടെ. ഭഗവാൻ ആനന്ദസ്വരൂപനാണ്, അതിനാൽ ഞാനും ആനന്ദസ്വരൂപനാവട്ടെ.

ഈ ശീലം, ഇത്തരത്തിൽ പ്രഭുവിന്റെ സവിശേഷതകൾ വികസിപ്പിക്കുന്നത് അഥവാ രൂപപ്പെടുത്തുന്നത്, സ്വയം ഒരു മാസ്റ്ററായിത്തീരാൻ ആവശ്യമാണ്. മാസ്റ്ററുമായി പൂർണ താദാത്മ്യം പ്രാപിച്ചുകൊണ്ട്, മാസ്റ്ററുടെ ഒരു കാർബൺ കോപ്പി, ഒരു പ്രതിബിംബം, ആയിത്തീരുക. ഇതിനെയാണ് നമ്മൾ 'അദ്വൈത ബന്ധം' എന്നു വിളിക്കുക, അന്തിമാവസ്ഥയാണത്.

രണ്ടാമതായി, അസ്സൽ വിവര(original information)ത്തിൽനിന്ന് കടം കൊണ്ട വിവരം പോലെയല്ല ഇത്. 'പ്രജ്ഞാനം ബ്രഹ്മ' എന്നാണിതിനെ വിളിക്കുക, അസ്സൽ അവബോധംതന്നെ ഇത്. നിങ്ങളിപ്പോൾ ഉണർവ്വ് (awareness)ആകുന്നു. ഉണർവ്വുകൊണ്ട് എന്താണർത്ഥമാക്കുന്നത്? അത് ദൃശ്യത്തിന്റെ കാഴ്ചയല്ല; നിങ്ങൾ ദൃഷ്ടാവാണ്, കാണുന്നയാൾ. ശബ്ദം കേൾക്കുന്നതല്ല അത്; നിങ്ങൾ ശ്രോതാവാണ്. രുചിക്കുന്ന നാവല്ല അത്; അതിനു പുറകിലുള്ള ആത്മാവാണ് നിങ്ങൾ. മൈക്രോ ലൈറ്റ് ബൾബോ അല്ല, അവയിലൂടെ പ്രവഹിക്കുന്ന വൈദ്യുതിയാണ് എന്നതുപോലെ.




അപ്പോൾ, കണ്ണുകൾക്കു പിന്നിലെ ദൃഷ്ടാവാണ് നിങ്ങൾ, കാതുകൾക്കു പിന്നിലെ ശ്രോതാവാണ് നിങ്ങൾ. പ്രേരിതാവ്(the prompted), അന്തര്യാമി, ആത്മാവ്(the Self

or the spirit) ആണ് നിങ്ങൾ. അതാണ് ഉണർവ്വ്. സർവ്വപ്രധാനമായത് ആത്മാവിനെ കുറിച്ചുള്ള ആ അവബോധമാണ്.

മൂന്നാമതായി, മനസ്സ് നിങ്ങളെ ഒരു വിദ്യാർത്ഥിയാക്കി, ഹൃദയം നിങ്ങളെ ഒരു ശിഷ്യനാക്കി എന്നാലും, വാസ്തവത്തിൽ മനസ്സോ ഹൃദയമോ അല്ല നിങ്ങൾ. ആ അവബോധം തന്നെയാണ് നിങ്ങൾ! "അത് നീയാകുന്നു", "തത് ത്വം അസി"(That Thou Art). തത്ത്വമസി നിങ്ങൾക്ക് മനസ്സിലാകും. നിങ്ങൾ ദിവ്യരാകുന്നു. നിങ്ങൾ വേറിട്ടവരല്ല.




ഇനി നാലാമത്തെ പോയിന്റ് വരുന്നു: അദ്ധ്യാപകനുമായുള്ള ഒരു വിദ്യാർത്ഥിയുടെ ബന്ധം സമയബന്ധിത(time-bound)മാണ്. ഒരു ശിഷ്യത്വം ജീവിതകാലത്തേക്കാണ്.




എന്നാൽ, ഒരു ഭക്തനായി നിങ്ങൾ എത്ര കാലം തുടരും? അതിന് ഈ ജീവിതവുമായോ അടുത്ത ജന്മവുമായോ ബന്ധമൊന്നുമില്ല. നാം മുമ്പുതന്നെ ഷിർദ്ദിബാബയ്ക്കൊപ്പം ഉണ്ടായിരുന്നിരിക്കണം. അതാണ് നമ്മെ ഇവിടെയെത്തിച്ചത്. നമ്മളിലാരും സ്വയമേവ ഇവിടെ വന്നതല്ല. എന്റെ സുഹൃത്തുക്കളേ, ദയവായി ഇത് വിശ്വസിച്ചാലും. നമ്മളിലാരും സ്വയം തീരുമാനിച്ച് എത്തിയതല്ല ഇവിടെ. ഒരു ലാഭവുമില്ലാതെ, ഒരു പ്രചോദനവുമില്ലാതെ നമ്മളാരും ഒരിടത്തും പോവില്ല. എന്നാൽ നമ്മളിവിടെ വന്നത്, നമ്മുടെ മാത്രം സമ്മതപ്രകാരമല്ല. നാം ഇവിടെ കൊണ്ടുവരപ്പെട്ടതാണ്. നാം ഇവിടെ എത്തണമെന്ന് ഭഗവാൻ ഇച്ഛിച്ചതാണ്.

അതിനാൽ, ഇത് സമയബന്ധിതമോ ജീവിതകാലം മുഴുവനും ഉള്ളതോ അല്ല എന്ന് നാം മനസ്സിലാക്കുക. ഇത് അതീന്ദ്രിയ(transcendental)മാണ്. ഇത് സ്ഥലത്തിന്റെയും കാലത്തിന്റെയും പരിധികളെ സംക്രമിക്കുന്നു. ഇതിന് പരിധികളില്ല. ഇത് ജീവപര്യന്തമുള്ള(life-long)താണെന്ന് എനിക്കു പറയാനാവില്ല. ഇല്ല! അടുത്ത ജന്മത്തിൽ നിങ്ങളിത് തുടരും. ഭഗവാൻ ഒരു മാന്യനോട് ഇപ്രകാരം പറയാൻ കാരണമ

താണ്, "ഇവിടെ നോക്കൂ! കഴിഞ്ഞ 10 ജന്മങ്ങളായി നിന്നെ എനിക്കറിയാം." ഘണ്ട ശാല, സനിമാലോകത്തെ പ്രസിദ്ധ ഗായകൻ ഇവിടെയുള്ളപ്പോൾ, ഭഗവാൻ പറഞ്ഞു, "പത്തു ജന്മങ്ങൾ മുതൽക്ക് നിന്നെ എനിക്കറിയാം. വരാനിരിക്കുന്ന നിരവധി ജന്മങ്ങളിലേക്ക് ഞാൻ നിന്നെ കൊണ്ടുപോകും."



അപ്പോൾ, ഇത് കേവലം 'ജീവപര്യന്തം' എന്ന് നമുക്ക് പറയാനാവില്ല. ഈ ജന്മം തന്നെ നമുക്കറിയില്ല! നാളെ നാം മരണപ്പെട്ടെന്നു വരാം! അതുകൊണ്ട്, ജീവിതകാലത്തേക്കു മുഴുവനുമാണോ അത് നിലനിൽക്കുക, അല്ലല്ല! ഇവിടെ സ്ഥലമില്ല, കാലമില്ല(no space or time). നിങ്ങളും ഞാനും ഒന്നാണ്. അത്രേയുള്ളൂ. അതിനാൽ, അത് അതീന്ദ്രിയമാകുന്നു.




അവസാനമായി, നിങ്ങൾ ഈശ്വരനാണെന്ന് നിങ്ങൾക്ക് തോന്നിത്തുടങ്ങുന്നു. നിങ്ങളുടെ എല്ലാ വാക്കുകളും ദൈവികമാണ്; നിങ്ങളുടെ എല്ലാ കർമ്മങ്ങളും ദൈവികമാണ്; നിങ്ങളുടെ എല്ലാ ചിന്തകളും ദൈവികമാണ്. "ഞാൻ ബ്രഹ്മമാകുന്നു, ഞാൻ ഈശ്വരനാകുന്നു", അഹം ബ്രഹ്മാസ്മി എന്ന അവസ്ഥ നിങ്ങൾ അനുഭവിക്കുന്നു.

അടുത്ത പോയിന്റ് അവസാന വാക്കാണ്. ബാബ മാത്രമേ ഇതു പറഞ്ഞിട്ടുള്ളൂ. ഇതുപോലെ ആരുംതന്നെ പ്രഖ്യാപിച്ചതായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. ആദിശങ്കരന്റെ നിലയിൽപ്പോലുമുള്ള മഹാമുനികളും ഋഷീശ്വരന്മാരും മഹാ ദാർശനികരും യോഗികളുമൊക്കെ, അവർ ഉപയോഗിച്ചു വന്നിരുന്ന വൈദികപ്രയോഗങ്ങളൊക്കെ, "അഹം ബ്രഹ്മാസ്മി" അഥവാ "ഞാൻ ഈശ്വരനാകുന്നു"എന്ന ഈ അവസ്ഥയിൽ എത്തുമ്പോൾ, നിർത്തിയതാണ് നാം കാണുന്നത്. അത്ര മാത്രം. ബാബ അതിനുമപ്പുറം പോയിരിക്കുന്നു, എന്തെന്നാൽ അവിടുന്ന് പരമ ഗുരുവാകുന്നു. അവിടുന്ന്

എന്താണ് പറഞ്ഞത്? അവിടുന്ന് മാത്രമേ ഇതു പറഞ്ഞുള്ളൂ: **"ഞാൻ ഞാനാകുന്നു."**( **I AM I**).

"നീ ഈശ്വരനാകുന്നു" എന്നതിനർത്ഥം നീയും ദൈവവും വെവ്വേറെയാ




ണെന്നാണ്.('നീ', 'ഈശ്വരൻ' എന്നീ രണ്ടു വേറിട്ട നാമങ്ങൾ കാരണം വ്യത്യസ്തതയുടെ നേരിയ സൂചനയുണ്ടിതിൽ). അതുകൊണ്ട്, "ഞാൻ ബ്രഹ്മമാകുന്നു" എന്ന് ഞാൻ പറയുമ്പോൾ "ഞാൻ", "ബ്രഹ്മം" ഇവ സൂക്ഷ്മമായി വെവ്വേറെ




യാണ്. അതിനാൽ ബാബ പറയുന്നു, "ഞാൻ ഞാനാകുന്നു". അതാണ് ശരി! വേറെയാരും അത് പറഞ്ഞിട്ടില്ല; "ഞാൻ ഞാനാകുന്നു" എന്ന് അവരൊരിക്കലും പറയില്ല. "ഞാൻ ഞാനാകുന്നു" അത്രമാത്രം. അതാണ് പരമമായ പ്രസ്താവനയും അനുഭവവും. "ഞാൻ ഈശ്വരനാകുന്നു" എന്ന് ഞാൻ പറയുകയാണെങ്കിൽ, ഞാനർത്ഥമാക്കുന്നത് ഞാൻ ഇവിടെയാണ്, ഈശ്വരൻ അവിടെയാണ് എന്നും, ഞാൻ അതാകുന്നു- I am That (അവിടെയുള്ള ഈശ്വരനാകുന്നു) എന്നുമാണ്. അല്ല, 'അതോ' 'ഇതോ' അല്ലിത്. "ഞാൻ ഞാനാകുന്നു(I am I)". ഒരു ഭക്തന്റെ അന്തിമ നിലയാണത്.




ഈ പ്രക്രിയ പരിണാമത്തിന്റേതാണ്, പരിവർത്തനത്തിന്റേതാണ്. ഒരു നിലയിൽ നിന്ന് മറ്റൊരു നിലയിലേക്ക് മാറുന്നതിന്റെ, ചാടുന്നതിന്റെ ഒരു പ്രക്രിയയാണിത്. സ്കൂൾ, യൂണിവേഴ്സിറ്റി അഥവാ ഡോക്ടറേറ്റ് തലത്തിൽ അവശേഷിക്കുക എന്നത് പാകമാകാത്ത ഫലത്തിന്റെ നിലയിൽ തുടരുകയാണ്. പക്ഷേ നാം ആശിക്കുന്നത് ആത്മ

സാക്ഷാത്കാര(Self-Realisation)ത്തിന്റെ പഴുത്ത, മധുരിക്കുന്ന ഫലം അനുഭവിക്കാനാണ്. അതുകൊണ്ട്, സ്വാഭാവികമായും ഒരു മൊട്ട് സ്വയം പൂവായി പരിണമിക്കണം,



അതൊരു ദിവസം പക്വമായ ഫലമായിത്തീരും. അതിന് പരാജയപ്പെടുകയാണെങ്കിൽ, മേലിൽ വികാസമില്ല, രൂപാന്തര(metamorphosis)മില്ല.

ആയതിനാൽ, ഒരു വിദ്യാർത്ഥിയായി ഇരിക്കുന്നതിൽ നമുക്ക് അതൃപ്തരാവാതിരിക്കാം, ഒരു ശിഷ്യനായി ഇരിക്കുന്നതിൽ നമുക്ക് നിരാശപ്പെടാതിരിക്കാം. ഒരു ദിവസം, ഒരു വിദ്യാർത്ഥിയും ഒരു ശിഷ്യനും ഇരുവരും ഒരു ഭക്തനായിത്തീർന്നേ മതിയാവൂ. അത് നമ്മുടെ സത്ഭാഗ്യമാവും!




പ്രഫ. അനിൽകുമാർ നമ്മുടെ സ്വയം കണ്ടെത്തലിൽ നമ്മെ സഹായിക്കുന്നത് അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിറാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (*Sai-Vedam* പേജ് 274-278)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)